പതിമൂന്നാം കേരള നിയമ സഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6042 09.07.2013 - ൽ മറുപടിയ്ക്ക്

**'പത്മ' ബഹുമതികൾ കരസ്ഥമാക്കിയ ജീവിച്ചിരിയ്ക്കുന്ന മലയാളികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് പത്മശ്രീ, പത്മഭൂഷൺ എന്നീ ബഹുമതികൾ ലഭ്യമായിട്ടുള്ള വിവിധ മേഖലയിലുള്ള പ്രമുഖ വ്യക്തികളിൽ എത്ര പേർ ജീവിച്ചിരിപ്പുണ്ട് എന്ന് വ്യക്തമാക്കാമോ?<br><br>(ബി) ഇവരുടെ പേരു വിവരം ലഭ്യമാക്കാമോ? | (എ) + (ബി)<br>സംസ്ഥാനങ്ങളിൽ നിന്നുള്ള ശുപാർശകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവണ്മെന്റാണ് പത്മ ബഹുമതികൾ പ്രഖ്യാപിയ്ക്കുന്നത്. ബഹുമതികൾക്ക് അർഹമായവരുടെ പേരു വിവരം രേഖാമൂലം കേന്ദ്ര സർക്കാരിൽ നിന്നും ലഭിയ്ക്കാറില്ല. കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് 1954 ൽ പത്മ ബഹുമതികൾ ആരംഭിച്ചതു മുതൽ സംസ്ഥാനത്തു നിന്നും പത്മശ്രീ ബഹുമതി ലഭിച്ചത് 80 പേർക്കും പത്മഭൂഷൺ ബഹുമതി ലഭിച്ചത് 43 പേർക്കും ആണെന്ന് കാണുന്നു. ഇതിൽ എത്ര പേർ ജീവിച്ചിരിപ്പുണ്ട് എന്ന വിവരം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ